**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **22-02-2022 - ൽ മറുപടിയ്ക്ക്**

**റീജിയണൽ കാൻസർ സെന്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ആറാം കേന്ദ്ര ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം എന്നാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (എ) | റീജിയണൽ കാൻസർ സെന്ററിൽ ആറാം ശമ്പള പരിഷ്ക്കരണം 01.01.2006-മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ എത്ര ജീവനക്കാർക്കാണ് ശമ്പളം പരിഷ്കരിച്ച് നൽകിയത്; ഇതിൽ എത്ര പേർക്കാണ് ക്രമവിരുദ്ധമായി ശമ്പളം പരിഷ്കരിച്ച നല്കിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ക്രമവിരുദ്ധമായി നൽകിയ തുക തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 512 പേർക്കാണ് ശമ്പളം പരിഷ്കരിച്ച് നൽകിയത്. ഇതുവരെ 158 പേർക്ക് ക്രമവിരുദ്ധമായി ശമ്പളം പരിഷ്കരിച്ച നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. 2019 നവംബർ മുതൽ റിട്ടയർ ചെയ്ത 32 ജീവനക്കാരിൽ നിന്നും തിരിച്ച പിടിക്കാനുള്ള നടപടികൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്. ക്രമവിരുദ്ധമായി നൽകിയ തുക ഏഴാം ശമ്പള പരിഷ്കരണം വഴി ലഭിക്കുന്ന കുടിശ്ശികയിൽ നിന്നും തിരിച്ച പിടിക്കുന്നതിനുള്ള നിർദ്ദേശം റീജിയണൽ കാൻസർ സെന്റർ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടികൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സ്വീകരിച്ച വരുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ സ്ഥാപനത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ; | (സി) | ജീവനക്കാർക്ക് ക്രമവിരുദ്ധമായി നൽകിയ തുക ഏഴാം ശമ്പള പരിഷ്കരണം വഴി ലഭിക്കുന്ന കുടിശ്ശികയിൽ നിന്നും തിരിച്ച പിടിക്കുന്നതിലൂടെ സ്ഥാപനത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതാണ്. |
| (ഡി) | തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്ററിൽ ഏഴാം ശമ്പള കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ എന്ന് മുതലാണ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ; | (ഡി) | തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്ററിൽ ഏഴാം ശമ്പള പരിഷ്കരണം 01.01.2016-മുതൽ നടപ്പിലാക്കി. 01.06.2021 മുതൽ ജീവനക്കാർക്ക് രൊക്കം പണമായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | ഏതെല്ലാം വിഭാഗം ജീവനക്കാരാണ് ശമ്പള കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള അപാകതകൾ പരിഹരിക്കണമെന്ന് നിവേദനം നൽകിയിട്ടുള്ളത്; ആയതിൽ ഏതെല്ലാം പരിഹരിച്ച എന്ന് വ്യക്തമാക്കാമോ? | (ഇ) | ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഡോക്ടർമാരുടെ |

| | | | |
|---|---|---|---|
| | | | ശമ്പളപരിഷ്കരണ അപാകതകൾ സംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. നേഴ്സുമാരുടെ ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിച്ച് 14/12/2021 തീയതിയിൽ സ.ഉ(കൈ) നം. 242/2021/ആരോഗ്യം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ